**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6714** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഡാറ്റാബേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ ഓൺലൈൻ ഡാറ്റാബേസ് ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ എന്നിവരുടെ വിവരങ്ങൾ അടങ്ങിയ ഡാറ്റാ ബേസ് ഉൾപ്പെടുന്ന ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റമാണ് 'സമ്പൂർണ'. |
| (ബി) | പ്രസ്തുത ഓൺലൈൻ ഡാറ്റാബേസ് അനുബന്ധ സോഫ്റ്റ് വെയർ ഏത് കമ്പനിയാണ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ സ്ഥാപനമായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് 'സമ്പൂർണ' വികസിപ്പിച്ചത്. |
| (സി) | പ്രസ്തുത ഓൺലൈൻ ഡാറ്റാബേസ് അനുബന്ധ സോഫ്റ്റ് വെയർ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിന്റേതുൾപ്പെടെ കൈറ്റ് പൊതുവിദ്യാഭ്യാസ വകുപ്പിനായി സജ്ജമാക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനുകൾ കൃത്യമായ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയ ശേഷമാണ് സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവറിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. സ്കൂളുകൾക്ക് ഓരോ ആപ്ലിക്കേഷനും ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഡാറ്റാ സെക്യൂരിറ്റിയെക്കുറിച്ചും കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുകയും യൂസർനെയിം പാസ്‌വേഡ് എന്നിവ സുരക്ഷിതമായി മറ്റാർക്കും പങ്കുവെയ്ക്കാതെ ഉപയോഗിക്കണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണയിലെ ഡാറ്റാ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിനായി ഇപ്പോൾ ലോഗിൻ ചെയ്യുന്ന ഓരോ സ്കൂളും നിർബന്ധമായും പാസ്‌വേഡ് മാറ്റുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഇത് നിശ്ചിത ഇടവേളകളിൽ ആവർത്തിക്കുന്നതിനുള്ള ക്രമീകരണവും ലോഗിൻ ചെയ്യുമ്പോൾ OTP ലഭ്യമാക്കുന്നതുൾപ്പെടെയുള്ള അധിക ക്രമീകരണങ്ങൾ ആവശ്യമുണ്ടോ എന്ന പരിശോധനയും നടത്തുന്നുണ്ട്.<br><br>സമ്പൂർണയിലെ ഡാറ്റാബേസിലേയ്ക്ക് നേരിട്ട് ഒരു ലോഗിനും അക്സസ് ലഭ്യമല്ല. ലോഗിൻ ചെയ്താലും |

| | | | |
|---|---|---|---|
| | | | ഓരോ സ്കൂളിനും അവരവരുടെ റിപ്പോർട്ടുകൾ മാത്രമേ ലഭിക്കുകയുള്ളൂ. സ്റ്റേറ്റ് ലോഗിനിൽപോലും കൺസോളിഡേറ്റഡ് റിപ്പോർട്ടാണ് ലഭിക്കുന്നത്. ഇതുതന്നെ സ്കൂൾ, ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, സംസ്ഥാന തലങ്ങളിലുള്ള എണ്ണം മാത്രമാണ് ലഭിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളിൽ വ്യക്തിഗത വിശദാംശങ്ങൾ ഉൾപ്പെടാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ